**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2950** **25-06-2024 - ൽ മറുപടിയ്ക്ക്**

**കുറ്റ്യാടി –തൂണേരി-വേറ്റുമ്മൽ-കായപ്പനച്ചി ടെയിൽ എൻഡ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | നാദാപുരം മണ്ഡലത്തിലെ തൂണേരി, എടച്ചേരി ഗ്രാമ പഞ്ചായത്തുകളിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്ന കുറ്റ്യാടി –തൂണേരി-വേറ്റുമ്മൽ-കായപ്പനച്ചി ടെയിൽ എൻഡ് പദ്ധതിയുടെ പുനരുദ്ധാരണ വിഷയത്തിൽ നാളിതുവരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത് ; | (എ) | തൂണേരി, എടച്ചേരി പഞ്ചായത്തുകളിൽ സ്ഥിതി ചെയ്യുന്ന തൂണേരി ബ്രാഞ്ച് കനാലിന്റെ വാലറ്റത്തു നിന്നും ആരംഭിക്കുന്ന Tail end distributory canal പല സ്ഥലത്തും മൂടപ്പെട്ടുകിടക്കുന്നതിനാലും അവസാന ഭാഗം കനാൽ കുഴിക്കാത്തതിനാലും, കനാൽ പുനരുദ്ധാരണ പ്രവൃത്തിക്കു മുമ്പായി ടെയിൽ എന്റ് ഡിസ്ട്രിബ്യൂട്ടറി കനാൽ ചെയി.0/000 കി.മീ മുതൽ 4/250 കി.മീ വരെയുള്ള കനാൽ സ്ഥലത്തിന്റെ സർവ്വേ നടത്തേണ്ടതായിവരികയും ആയത് പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. സർവ്വേയിൽ കയ്യേറ്റം കണ്ടെത്തിയിട്ടുണ്ട്. സർവ്വേ സ്കെച്ച് ലഭ്യമാകുന്ന മുറയ്ക്ക് കയ്യേറ്റം ഒഴിപ്പിച്ച് കനാൽ പുനരുദ്ധാരണത്തിനു വേണ്ടിയുള്ള അനന്തര നടപടികൾ സ്വീകരിക്കാവുന്നതാണ്. |
| (ബി) | പ്രസ്തുത വിഷയത്തിൽ ഇറിഗേഷൻ -റവന്യൂ വകുപ്പുകളുടെ സംയുക്ത സർവേ നടപടികൾ പൂർത്തികരിച്ച സാഹചര്യത്തിൽ പദ്ധതിക്ക് ഭരണാനുമതി എന്ന് ലഭ്യമാക്കുമെന്ന് വിശദമാക്കാമോ? | (ബി) | സർവ്വേ പൂർത്തീകരിച്ചെങ്കിലും ആയതിന്റെ സർവ്വേ സ്കെച്ചും റിപ്പോർട്ടും ലഭ്യമായിട്ടില്ല. സ്കെച്ചും റിപ്പോർട്ടും ലഭ്യമാകുന്ന മുറയ്ക്ക് കനാൽ പുനരുദ്ധാരണത്തിനുള്ള തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ